# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. 203 – 08/03/2018 -ലെ മറുപടിക്ക്

## ആസൂത്രണ പ്രക്രിയ ജനകീയമാക്കൽ


ചോദ്യം | ഉത്തരം

ശ്രീ. എൻ. വിജയൻ പിള്ള
ശ്രീ. ഇ.പി.ജയരാജൻ
ശ്രീ. ജോർജ് എം. തോമസ്
ശ്രീ. സി.കെ. ഹരീന്ദ്രൻ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)


| | ചോദ്യം | ഉത്തരം |
|---|---|---|
| എ | പഞ്ചവത്സര പദ്ധതികൾ അവസാനിപ്പിക്കുകയും, ആസൂത്രണ കമ്മീഷനെ പിരിച്ചു വിടുകയും ചെയ്ത കേന്ദ്ര സർക്കാർ നയത്തിൽ നിന്ന് വിഭിന്നമായി സംസ്ഥാനത്ത് ആസൂത്രണ പ്രക്രിയ ജനകീയമാക്കി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള സമീപനം വിശദമാക്കാമോ; | കേന്ദ്ര സർക്കാർ ആസൂത്രണ കമ്മീഷൻ പിരിച്ചുവിടുകയും പഞ്ചവത്സര പദ്ധതികൾ മുഖേന പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് അവസാനിപ്പിക്കുകയും ചെയ്തുവെങ്കിലും, കേരള സർക്കാർ സംസ്ഥാന ആസൂത്രണ ബോർഡ് മുഖേന ആസൂത്രണ പ്രക്രിയയുമായി മുന്നോട്ട് പോവുകയാണ് ചെയ്യുന്നത്. ഇതിന്റെ ഭാഗമായി പതിമൂന്നാം പദ്ധതിയ്ക്ക് തുടക്കം കുറിക്കുകയും (2017-2022) വാർഷിക പദ്ധതി 2017-2018, നടപ്പിലാക്കി വരികയും ചെയ്യുന്നു. 2017-2018 വാർഷിക പദ്ധതിയുടെ മൊത്തം അടങ്കൽ 26500 കോടി രൂപയായിരുന്നു. വിവിധ വിഷയ മേഖലകളിൽ 43 കർമ്മ സമിതികൾക്ക് (Working Group) രൂപം നൽകിയിട്ടുണ്ട്. സമീപന രേഖയുടെയും, കർമ്മസമിതി കളുടെയും ശുപാർശകൾ അനുസരിച്ചാണ് വാർഷിക പദ്ധതികൾക്ക് രൂപം നൽകിയിട്ടുള്ളത്. പതിമൂന്നാം പദ്ധതിയുടെ ഭാഗമായി സമീപന രേഖ (Approach Paper) പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2018-2019 വാർഷിക പദ്ധതി രൂപവൽക്കരണത്തിന് മുന്നോടി യായി വിവിധ മേഖലകളിലെ പ്രതിനിധി കളുമായി ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ എല്ലാ മേഖലകളിലും വികസനം ഉറപ്പു വരുത്തുന്നതിനായി 2018- |

| | | |
|---|---|---|
| | | 2019 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കൽ 29150 കോടി രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ജനങ്ങൾ നിരന്തരം ഇടപെടുന്ന കൃഷിയും അനുബന്ധ മേഖലകളും, ഗ്രാമീണ വികസനം, ആരോഗ്യം, തൊഴിൽ തുടങ്ങിയ മേഖലകൾ മെച്ചപ്പെടുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി ഈ മേഖലകൾക്ക് അർഹമായ വിഹിതം വകയിരുത്തിയിട്ടുണ്ട്. |
| ബി | ജി.എസ്.ടി. വഴിയും ധന ഉത്തരവാദിത്തവും ബജറ്റ് മാനേജ്മെന്റും(FRBM) നിയമം വഴിയും, സംസ്ഥാനങ്ങളുടെ ധനകാര്യ സ്വാതന്ത്ര്യത്തിന് വിലങ്ങിട്ട സാഹചര്യത്തിലും, ജനക്ഷേമ പ്രവർത്തനങ്ങളിലൂടെ സാമ്പത്തിക വളർച്ച നേടിയെടുക്കാൻ സ്വീകരിച്ചിട്ടുള്ള വികസന തന്ത്രം എന്തെന്ന് അറിയിക്കാമോ; | നോട്ട് നിരോധനം സൃഷ്ടിച്ച സാമ്പത്തിക അരക്ഷിതാവസ്ഥയും ജി.എസ്.ടി. നടപ്പിലാക്കിയതുമൂലമുണ്ടായ റവന്യൂ ശോഷണവും കേരള ധന ഉത്തരവാദിത്ത നിയമ പ്രകാരമുള്ള നിയന്ത്രണങ്ങളും കണക്കിലെടുത്ത് കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും വരുമാനം വർദ്ധിപ്പിച്ചു കൊണ്ടും 2018-19 -ൽ റവന്യൂ കമ്മി 1.6 ശതമാനമായി കുറച്ചുകൊണ്ടു വരാനും ധനകമ്മി അനുവദനീയമായ 3 ശതമാനത്തിനുള്ളിൽ പരിമിതപ്പെടുത്താനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. സംസ്ഥാന ആസൂത്രണ ബോർഡ് വഴി നടപ്പിലാക്കുന്ന ആസൂത്രണ പ്രക്രിയയുടെ ഭാഗമായി പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-2022)യിലെ 2017-2018, 2018-2019 വാർഷിക പദ്ധതികളിൽ ജനങ്ങൾ നിരന്തരം ഇടപെടുന്ന മേഖലകളായ കൃഷിയും അനുബന്ധ മേഖലകളും, ഗ്രാമീണ വികസനം, പഞ്ചായത്ത്, പരമ്പരാഗത വ്യവസായം, പൊതുവിതരണ സമ്പ്രദായം, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ എന്നീ മേഖലകൾ മെച്ചപ്പെടുത്താനും, തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അർഹമായ വിഹിതം വകയിരുത്തിയിട്ടുണ്ട്. വൻ മൂലധന നിക്ഷേപക്കുതിപ്പിന് സഹായകരമാകുന്ന രീതിയിൽ കിഫ്ബി വഴി ഏതാണ്ട് 54000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിൽ 20000 കോടി രൂപയുടെ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ച് നടപ്പിലാക്കാനുള്ള നടപടി കൈക്കൊണ്ടു വരികയാണ്. ബാക്കി |

| | | |
|---|---|---|
| | | പദ്ധതികൾക്ക് 2018-19 -ൽ അംഗീകാരം നൽകും. കിഫ്ബി വഴിയുള്ള ഈ വൻനിക്ഷേപം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉത്തേജകമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി | പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് നിക്ഷേപം ഇരട്ടിയാക്കിക്കൊണ്ട് സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ? | പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആസൂത്രണ ബോർഡ് വിവിധ മേഖലകളിലായി 43 കർമ്മ സമിതികൾക്ക് രൂപം കൊടുത്തുകൊണ്ട് അതിന്റെ ശുപാർശകൾ വാർഷിക പദ്ധതികളിലൂടെ നടപ്പാക്കി വരികയാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖ പ്രകാരം 'ജനങ്ങളിൽ നിക്ഷേപിക്കുന്ന കേരളം' എന്ന സങ്കൽപത്തിൽ ഊന്നി, കേരളത്തിന്റെ ദേശീയ, അന്തർദേശീയ പ്രശസ്തിയുടെ അടിസ്ഥാനം മാനുഷിക വികസനമാണ് എന്ന സങ്കൽപത്തിലൂടെ എല്ലാ മേഖലകളിലും സുസ്ഥിരമായ നേട്ടം കൈവരിക്കാനുതകുന്ന നടപടികൾ സ്വീകരിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു.<br>പതിമൂന്നാം പദ്ധതിയുടെ 2017-2018, 2018-2019 വാർഷിക പദ്ധതികളിൽ പൊതുവായ വികസനത്തിന് അർഹമായ വിഹിതം വകയിരുത്തിയിട്ടുണ്ട്. 2018-2019 വാർഷിക പദ്ധതിയിൽ കൃഷിയും അനുബന്ധമേഖലകൾക്കുമായുള്ള വിവിധ ഉപമേഖലകളിലെ സ്കീമുകൾക്കായി 1750.80 കോടി രൂപയും തൊഴിൽ മേഖലയ്ക്ക് 722.67 കോടി രൂപയും വ്യവസായ മേഖലയ്ക്ക് (ചെറുകിട വ്യവസായം, പരമ്പരാഗത വ്യവസായം എന്നിവ ഉൾപ്പെടെ ഉള്ളവ) 979.81 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ